DESPATCHED
On 20/12/21...
09/11/2021
S. 20(17)

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1297 (5)/21/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 11204/SIC-G7/2021

ഉത്തരവ് തീയതി: 09.11.2021

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വി.വരാവകാശ കമ്മീഷണർ

ശ്രീ. തങ്കച്ചൻ വൈ.,
പൗർണമി, എ.ജി.ആർ.എ –19, നാലാഞ്ചിറ പി.ഒ,
തിരുവനന്തപുരം – 695 015. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 17.03.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | NIL |
| ഒന്നാം അപ്പീൽ | 13.04.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | NIL |
| രണ്ടാം അപ്പീൽ | 15.09.2021 |
| ഹിയറിംഗ് തീയതി, സ്ഥലം | 23.10.2021, സംസ്ഥാന വിവരാവ കാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു (പ്രതിനിധി)<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.തങ്കച്ചൻ വൈ. 15.09.2021 ൽ കമ്മീഷനിൽ സമർപ്പിച്ച അപ്പീലിന്മേൽ പരാമർശിച്ചിരിക്കുന്നത് വിവരാവകാശ അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 29.07.2021 ൽ ഓർമക്കുറിപ്പ് നൽകിയെങ്കിലും നാളിതു വരെയായി യാതൊരു മറുപടിയും, ആവശ്യപ്പെട്ട രേഖകളും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമം 6(1) വകുപ്പ് പ്രകാരം 17.03.2021 ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ജോയിന്റ് കമ്മീഷണറുടെ 26.02.2021 ലെ ബാധ്യതാപത്രം നമ്പർ.ഡി.എ4-84389/2013/ഡി.ജി.ഇ. പ്രകാരം വാഹന വാടക 49686/- രൂപ, 1627/- രൂപ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ആയതു പ്രകാരം ബാധ്യതതുക കണക്കാക്കുന്നതിന് അധികം കണ്ടെത്തിയ ദൂരം കിലോമീറ്ററിൽ എത്ര, ദൂരം കണ്ടെത്തുന്നതിന് സ്വീകരിച്ച മാർഗം, മാനദണ്ഡം എന്താണ്, ബാധ്യത തുക മൊത്തം എത്ര എന്നതുമായി ബന്ധപ്പെട്ട് 7 ഇനവിവരങ്ങളായിരുന്നു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 23.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, കമ്മീഷൻ മുമ്പാകെ നടത്തിയ നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് പകരം അപ്പീൽ അധികാരിയും, അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ 17.03.2021 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 27.03.2021 ൽ മറുപടി ലഭ്യമാക്കിയെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 17.03.2021 തീയതി കാണിച്ചുകൊണ്ടുതന്നെ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിന്മേൽ യഥാസമയം സമയബന്ധിതമായി തന്നെ മറുപടി തയ്യാറാക്കിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ മറുപടി ലഭ്യമാക്കുവാൻ കഴിഞ്ഞില്ലെന്നും കമ്മീഷന്റെ 05.10.2021 ലെ കത്തിലെ നിർദ്ദേശാനുസരണം 13.10.2021 ന് മറുപടി നൽകിയിട്ടുണ്ടെന്നും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്നും സമയബന്ധിതമായി മറുപടി ലഭ്യമാക്കാത്തത് മാപ്പാക്കണമെന്നും അപ്പീൽ അധികാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

5. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന 1,2,3 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമായെന്നും മറ്റ് ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ

ലഭ്യമായില്ലെന്നും ലഭ്യമായ മറുപടി പൂർണ്ണമല്ലെന്നും ആയതിനാൽ തൃപ്തികരമായ മറുപടി ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി. അപ്പീൽ ഹർജിയും, അപ്പീൽ വാദിയുടെയും രണ്ടാം എതിർകക്ഷിയുടെയും മൊഴിയും, റിപ്പോർട്ടും പരിശോധിക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്ന വ്യക്തിയുടെ വിവരാവകാശ അപേക്ഷയോട് നിരുത്തരവാദപരമായ നിലപാടാണ് എസ്.പി.ഐ.ഒ.യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. 17.03.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് അപൂർണ്ണമായ മറുപടിയാണ് നൽകിയത്. 13.04.2021 ന് ഒന്നാം അപ്പീൽ നൽകുകയും മറുപടി ലഭിക്കാത്തതിനാൽ 29.07.2021 ന് ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തു. അപ്പീലിന് മറുപടി ലഭിക്കാത്തതിനാൽ കമ്മീഷനിൽ 15.09.2021 ന് രണ്ടാം അപ്പീൽ സമർപ്പിച്ചു. 17.03.2021 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന 7 ചോദ്യങ്ങളിൽ രണ്ടെണ്ണത്തിൽ മാത്രമാണ് എസ്.പി.ഐ.ഒ മറുപടി നൽകിയിരുന്നത്. ബാക്കിയുള്ളവയ്ക്കുള്ള മറുപടി 13.10.2021 ന് മാത്രമാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത്. അതും കമ്മീഷന്റെ ഹിയറിംഗിൽ ഒന്നാം അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിനൊപ്പമാണ്. ഹിയറിംഗിൽ ഹാജരാകാതിരിക്കുകയും സമയബന്ധിതമായി മറുപടി നൽകാതിരിക്കുകയും ചെയ്ത എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. 2012 മെയ് മാസത്തിലെ സേ പരീക്ഷയുമായി ബന്ധപ്പെട്ട് വാഹനവാടക ഇനത്തിൽ നൽകിയ 49686/- രൂപ സേ പരീക്ഷാ നടത്തിപ്പിനായിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ഉപയോഗിക്കുന്നതിന് പകരം ട്രഷറിയിൽ നിന്നും മാറിയതിനാൽ ബാധ്യതയാകുവാൻ കാരണമായി ആഡിറ്റ് തടസ്സവാദം ഉന്നയിക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിന്നും 30.11.2012 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.തങ്കച്ചൻ. വൈ യുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കുകയും ചെയ്തു. മറ്റ് ജീവനക്കാർക്ക് ബാദ്ധ്യത രേഖപ്പെടുത്തിയില്ല.

7. 17.03.2021 ന് അപ്പീൽ നൽകിയതായി പറയുന്നു. കമ്മീഷൻ മുമ്പാകെ നൽകിയ രണ്ടാം അപ്പീലിനോടൊപ്പം സമർപ്പിച്ചിട്ടുള്ള 19(1) അപ്പീൽ അപേക്ഷയിൽ 13.04.2021 എന്ന് തിരുത്തിയതായി കാണുന്നു. കൂടാതെ 29.07.2021 ന് ഒരു ഓർമ്മക്കുറിപ്പ് നൽകിയതിനു ശേഷവും അപ്പീൽ വാദിക്ക് മറുപടി നൽകാതിരിക്കുകയും, എന്നാൽ 2012 ലെ SAY പരീക്ഷയുമായി ബന്ധപ്പെട്ട് വകുപ്പുതല ഓഡിറ്റ് നടത്തിയതിൽ രേഖാമൂലം അഭിപ്രായം ആരായാതെ ബാദ്ധ്യതാ തുക കണക്കാക്കിയിരിക്കുന്നത് ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കേണ്ട തുക ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ചു നൽകി എന്ന കാരണത്താൽ 10.06.2014 ലെ പി.എ./85282/2012/ഡി.ജി.ഇ എന്ന നടപടി ക്രമമനുസരിച്ച് ടിയാന്റെ ഡി.സി.ആർ.ജി യിൽ നിന്നും 10% തുക തടഞ്ഞു വയ്ക്കുകയും, 07.09.2021 ലെ പി.എ1/85282/2012/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം 3 വർഷം കഴിഞ്ഞതിനാൽ ഡി.സി.ആർ.ജി. യിൽ നിന്നും തുക തടഞ്ഞുവെയ്ക്കുവാൻ കഴിയില്ലെന്ന നിയമോപദേശം ലഭിച്ചതിനാൽ ടിയാനിൽ നിന്നും തടഞ്ഞ 70,000/- രൂപ തിരിച്ച് നൽകുകയുണ്ടായി. ഇത്തരത്തിൽ ടിയാനിൽ നിന്നും തുക ഈടാക്കാൻ കഴിയാത്തതിനാൽ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിന് നോട്ടീസ് നൽകിയിരിക്കുകയാണ്. ഈ കേസിൽ ഗുരുതരമായ മനുഷ്യാവകാശ ലംഘനം നടന്നതായി കമ്മീഷൻ നിരീക്ഷിക്കുന്നു. സർക്കാരിന് സർവ്വീസ് കാലയളവിലെ യാതൊരു സാമ്പത്തിക ബാധ്യതയും വരുത്താതെ ജോലി ചെയ്ത ഒരു ഉദ്യോഗസ്ഥന്റെ മേൽ സാങ്കേതികമായി വന്ന ഒരു പിഴവിനെ കറക്ട് ചെയ്യാതെ ബാധ്യത അടിച്ചേൽപ്പിക്കുന്ന നടപടിയാണ് ഉണ്ടായിട്ടുള്ളത്. വകുപ്പുതല ആഡിറ്റിൽ കണ്ടെത്തിയ

...യായ 49687 /- രൂപ ബാങ്ക് അക്കൗണ്ടിൽ നിന്നും Recoup ചെയ്ത് ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി ആഡിറ്റ് ഒബ്ജെക്ഷന് മറുപടി നൽകി ഈ പ്രശ്നം പരിഹരിക്കണമെന്ന് ഒന്നാം അപ്പീൽ അധികാരിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

8. പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് വയ്ക്കുകയും അപ്പീൽ വാദിയെ മാനസ്സികമായി ബുദ്ധിമുട്ടിക്കുകയും ചെയ്തതായി അപ്പീൽ ഹർജിക്കാരൻ കമ്മീഷനിൽ നൽകിയ മൊഴിയിൽ നിന്നും വ്യക്തമാകുന്നു. ആയതിന് ടിയാന് ഉണ്ടായ കഷ്ടനഷ്ടങ്ങൾക്കും അലച്ചിലിനും മാനസിക വ്യഥയ്ക്കും ഉചിതമായ നഷ്ടപരിഹാരം നൽകണമെന്ന് അപ്പീൽ വാദി അറിയിച്ചിട്ടുണ്ട്. അപ്പീൽ വാദിയുടെ മേൽ പരാമർശം ശരിയാണെന്ന് കണ്ടെത്തിയ കമ്മീഷൻ, വിവരാവകാശ നിയമം വകുപ്പ് 19(8)(ബി) പ്രകാരം ഒരു പൊതു അധികാരസ്ഥനോട് പരാതിക്കാരൻ അനുഭവിക്കേണ്ടി വന്ന നഷ്ടത്തിനോ ഹാനിയ്ക്കോ പരിഹാരം നൽകുന്നതിന് ആവശ്യപ്പെടാം എന്നിരിക്കെ ഇവിടെ അപ്രകാരം ഒരു നഷ്ടപരിഹാരത്തിന് അപ്പീൽ ഹർജിക്കാരൻ അർഹനാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം നഷ്ടപരിഹാരം നൽകാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് പ്രകാരമുള്ള വിശദീകരണം ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ വിശദീകരണം ലഭ്യമാകാത്ത പക്ഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2021 നവംബർ മാസം 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn